# Kerala Private College Teacher

NO. 57

JULY 1985

# Kerala Private College Teacher

**A K P C T A Journal**

1985
July

**NO. 57**

Re. 1

Annual Subscription Rs. 10

*Editorial Board*

*Chairman*
**T. GopalaKrishnan**

*Chief Editor*
**V. N. Murali**

*Members*
V. Narayanan Kutty
T K G Nair,
Nanniyodu Ramachandran,
R. Raveendran Nair,
N. N. Anandan,
K. N. Ganesh
Thankan P. Tholicodu
N. P. Hafeez Muhammed
N. Thulasidharan Pillai

Address:

*Chief Editor*
*Vasantham,*
*Chempakassery Nagar,*
*Kesavadasapuram,*
*Trivandrum-4*

# ആദിശേഷയ്യ-ഗോപാലൻ റിപ്പോർട്ടുകൾ തള്ളിക്കളയുക

—സംസ്ഥാനകമ്മിററി

ജൂൺ 6നും 7നും എറണാകുളത്തുകൂടിയ എ കെ പി സി ടി എ പ്രവർത്തകസമിതി–സംസ്ഥാനകമ്മിററി യോഗങ്ങൾ, ആദിശേഷയ്യ ഗോപാലൻ കമ്മിഷൻ റിപ്പോർട്ടുകൾ തള്ളിക്കളയണമെന്ന് ഗവൺമെൻറിനോടാവശ്യപ്പെട്ടു. യാഥാർഥ്യ ബോധമില്ലാത്തവയും വിദ്യാഭ്യാസരംഗത്തെ അധുനാധുന ചിന്തകളുമായി പൊരുത്തപ്പെടാത്തവയുമാണ് ഈ റിപ്പോർട്ടുകൾ. കുപ്രസിദ്ധമായ ഗാന്ധിജി സർവകലാശാലാ നിയമത്തിൻെറ തുടർച്ചമാത്രമാണിത്. 50% മാർക്കുള്ള വിദ്യാർഥികൾക്കുമാത്രമായി കോളേജ് പ്രവേശനം ചുരുക്കുക, ട്യൂഷൻ ഫീസ് വർധിപ്പിക്കുക, ഓട്ടോണമസ് കോളേജ് തുടങ്ങുക, പ്രീഡിഗ്രിക്ക് പ്രത്യേക ബോഡ് രൂപീകരിക്കുക, സെനററിൻേറയും മററു ജനാധിപത്യ സമിതികളുടേയും അവകാശം ചുരുക്കുക തുടങ്ങിയ നിർദേശങ്ങളിലെല്ലാം ചെറിയൊരുവിഭാഗം സമ്പന്നർക്കായി ഉന്നത വിദ്യാഭ്യാസം മാററി എടുക്കാനുള്ള ലക്ഷ്യമാണടങ്ങിയിരിക്കുന്നത്.

# ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ ആഗസ്റ്റ് 7 മുതൽ പണിമുടക്ക്

ജൂലൈ 16 ന്റെ പണിമുടക്ക് കേരളമുഖ്യമന്ത്രിയിലുണ്ടാക്കിയ അങ്കലാപ്പ് സ്വാഭാവികം മാത്രം. കോളേജുകളും സ്കൂളുകളും കേരളമൊട്ടുക്കും അന്ന് അടഞ്ഞുകിടന്നു. ഭരണത്തിന്റെ അടിമുതൽ മുടിവരെ ചലനമററുപോയി. അവകാശ സമരചരിത്രത്തിലെ ഒരു കുതിച്ചു ചാട്ടംതന്നെയായിരുന്നു ജൂലൈ 16. സമനില തെററിയപ്പോൾ മുഖ്യമന്ത്രി പിന്നെ എന്തെല്ലാമാണു പറഞ്ഞത്! സമരം ക്രൂരമാണെന്നിടംവരെ എത്തി. ആരാണ് ഈ രംഗത്തെ 'പാവം ക്രൂരൻ' എന്നറിയാത്തവരുണ്ടോ ?

ആരാണ് ക്രൂരത കാട്ടുന്നത്? തന്റെ സർക്കാർ തന്നെ നിയമിച്ച ശമ്പളക്കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ച് ഒരുവർഷം കഴിഞ്ഞിട്ടും അതു നടപ്പാക്കാത്ത മുഖ്യമന്ത്രിയോ, ആവശ്യങ്ങൾ നേടാൻ മററുമാർഗമില്ലാതെ ശമ്പളമുപേക്ഷിച്ചു സമരംചെയ്യുന്ന ജീവനക്കാരോ ? എട്ടാം ധനകാര്യക്കമ്മീഷനുമായി ചർച്ചകഴിഞ്ഞാലുടൻ ശമ്പളപരിഷ്കരണം നടപ്പിലാക്കാമെന്നു പറഞ്ഞ മുഖ്യമന്ത്രി ഇപ്പോൾ എൻ. ഡി. സി. യുമായി ചർച്ച വേണമെന്ന് പറഞ്ഞ് ചുവടുമാററുന്നു. എൻ.ഡി.സിയും ശമ്പളപരിഷ്കാരവുമാകട്ടെ കടലും കടലാടിയും പോലെ. ഇനി എൻ. ഡി. സി. തന്നെ എന്നുകൂടണമെന്നു തീരുമാനിച്ചിട്ടുമില്ല. അപ്പോഴതാ വെള്ളപ്പൊക്കം ! ശരി അതുപറഞ്ഞുകളയാമെന്ന കുരുട്ടു ബുദ്ധിയിലായി മുഖ്യൻ. ഈ തകിടംമറിച്ചിലുകളിൽ ഒളിഞ്ഞിരിക്കുന്ന 'കളി' ജീവനക്കാരറിയുന്നുണ്ട്.

ഇനിയും ഇതു തുടരുന്നതനുവദിക്കാൻ നമ്മൾ തയ്യാറല്ല. സൂചനാപണിമുടക്കു കഴിഞ്ഞിരിക്കുന്നു. കണ്ടാലറിയാത്ത സർക്കാർ കൊണ്ടാലറിയും. നമ്മുടെ ഐക്യവും ശക്തിയും ആഗസ്റ്റ് 7 മുതൽ അനിശ്ചിതകാല പണിമുടക്കായി മാറട്ടെ. നാം ത്യാഗപൂർവം സമരം ചെയ്തു നേടിയതാണ് ഇന്നുവരെയുള്ള അവകാശങ്ങളെല്ലാം. ആ വഴി തന്നെ കൂടുതൽ കരുത്തോടെ തുടരേണ്ടിയിരിക്കുന്നു ഓരോ ഇഞ്ചും പടപൊരുതി മുന്നേറേണ്ടിയിരിക്കുന്നു. അഞ്ചുവർഷം കൂടുമ്പോൾ ശമ്പളപരിഷ്കാരമെന്നത് നമ്മൾ നേടിയെടുത്തൊരവകാശമാണ്. അതട്ടിമറിക്കാനാണിപ്പോൾ സർക്കാർശ്രമം. ആ ശ്രമം നമ്മൾ പരാജയപ്പെടുത്തും.

ആഗസ്റ്റ് 7 മുതലുള്ള അനിശ്ചിതകാല പണിമുടക്കം കോളേജുകളിൽ പരിപൂർണ്ണവിജയമാക്കാൻ ഇപ്പോഴേ പ്രവർത്തിക്കുക. □

# സംസ്ഥാന ജീവനക്കാരും അധ്യാപകരും വീണ്ടും പണിമുടക്കുന്നു. എന്തുകൊണ്ട്?

ശമ്പളക്കമ്മീഷനിൽ ജീവനക്കാരുടെ പ്രതിനിധികളെ ഉൾപ്പെടുത്താൻ സർക്കാർ തയ്യാറാകാതിരുന്ന സാഹചര്യത്തിലാണ് കമ്മീഷന്റെ ഏകപക്ഷീയമായ ശുപാർശ പ്രസിദ്ധീകരിച്ച് സംഘടനകളുമായി ചർച്ചചെയ്യണമെന്ന ആവശ്യം മുന്നോട്ടുവെച്ചത്. ഒരു പണിമുടക്കിനു മുന്നോടിയായി നടന്ന ചർച്ചയിലാണ് ശമ്പളക്കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കാമെന്നും സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്യാമെന്നും സർക്കാർ സമ്മതിച്ചത്. ആ ഒത്തുതീർപ്പുതന്നെ യഥാവസരം, നടപ്പാക്കാതെ പരമാവധി നീട്ടിക്കൊണ്ടുപോയി. വീണ്ടും പ്രക്ഷോഭത്തിന്റെ തീരുമാനങ്ങൾ പുറത്തു വന്നതോടുകൂടിയാണ് ശമ്പളക്കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കാനും ചർച്ചക്കുതീയതി നിശ്ചയിക്കാനും സർക്കാർ തയ്യാറായത്.

ചർച്ച വെറും പ്രഹസനമാക്കി. സംഘടനാ പ്രതിനിധികൾ ഒറ്റക്കെട്ടായി ഉന്നയിച്ച മൗലിക പ്രാധാന്യമുള്ള ആവശ്യങ്ങളിൻമേൽ നീതിപൂർവമായ തീരുമാനമെടുത്തുകൊണ്ട് ശമ്പളപരിഷ്ക്കരണം നടപ്പിലാക്കാൻ സർക്കാർ തയ്യാറായില്ല.

## മിനിമം വേതനം:

കേന്ദ്രത്തിലേയും സംസ്ഥാനസർവ്വീസിലേയും ക്ളാസ്–4 ജീവനക്കാരുടെ വേതനത്തിൽ കഴിഞ്ഞ 12 വർഷക്കാലമായി തുല്യത നിലനിൽക്കുന്നു. ശമ്പളപരിഷ്ക്കരണത്തിനു മുന്നോടിയായി കേന്ദ്ര ഗവൺമെന്റ് ഇതിനകംതന്നെ 100 രൂപ ഇടക്കാലാശ്വാസം അനുവദിച്ചതിലൂടെ കേന്ദ്ര ജീവനക്കാരുടെ മിനിമം വേതനത്തിൽ നൂറു രൂപയിലേറെ വർധനവ് ഉറപ്പു ചെയ്യപ്പെട്ടിരിക്കുന്നു. എന്നാൽ സംസ്ഥാനത്ത് ഇന്ന് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള മിനിമം വേതനത്തിൽ ഇത്തരം പരിഗണനയുണ്ടായിട്ടില്ല. നിലവിലുള്ള ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് മിനിമം വേതനം നിശ്ചയിക്കുന്നതിന് സാധിക്കാത്ത തരത്തിൽ ടേംസ് ഓഫ് റഫറൻസിൽ ഗവൺമെന്റ് പരിമിതികൾ നിർദേശിച്ചിരുന്നു എന്നാണ് കമ്മീഷൻ അഭിപ്രായപ്പെട്ടിരിക്കുന്നത്. ചുരുക്കത്തിൽ മിനിമം വേതനത്തിൽ നീതിപൂർവ്വമായ ഒരു സമീപനം ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ളതല്ലെങ്കിൽ പോലും കേന്ദ്രത്തിലേയും സംസ്ഥാനത്തിലേയും ക്ളാസ്–4 ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന തുല്യതയെങ്കിലും നിലനിർത്താൻ കഴിയണമെങ്കിൽ മിനിമം വേതനം വർധിപ്പിച്ചേ മതിയാകൂ.

## മിനിമം ആനുകൂല്യം:

ശമ്പള പരിഷ്ക്കരണത്തിലൂടെ ലഭിക്കുന്ന മിനിമം ആനുകൂല്യം ഇതര മേഖലകളുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ പരിമിതമാണെന്ന് കാണാൻ കഴിയും. ക്ളാസ്–4 ജീവനക്കാരടക്കമുള്ള ഭൂരിപക്ഷം ജീവനക്കാർക്കും ദിവസം 1 രൂപാ 60 പൈസയുടെ ആനുകൂല്യമാണ് ശുപാർശചെയ്തിട്ടുള്ളത്. കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇക്കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ നടന്ന വിവിധ വേതന കരാറുകളിലൂടെ 78 രൂപാ മുതൽ 363 രൂപാവരെ മിനിമം ആനുകൂല്യം ലഭിച്ചിട്ടുണ്ട്. റിസർവ് ബാങ്ക്, ഇൻഡ്യൻ എയർ ലൈൻസ്, ഫെർട്ടിലൈസേഴ്സ്, പോർട്ട് ട്രസ്റ്റ് മുതലായ മേഖലകളിലെ വേതന പരിഷ്ക്കരണത്തിലെ ആനുകൂല്യങ്ങളുമായി ഒരു താരതമ്യപഠനംപോലും നടത്താൻ കഴിയാത്ത തരത്തിൽ പരിമിതമാണ് കേരളത്തിലെ ജീവനക്കാർക്ക് നിർദേശിക്കപ്പെട്ടിട്ടുള്ള മിനിമം ആനുകൂല്യം. റിസർവ് ബാങ്കിലെ വേതന കരാറിലൂടെ 187 രൂപാ മുതൽ 650 രൂപാ വരെയുള്ള ആനുകൂല്യങ്ങളാണ് '83 ജൂലൈ മുതൽ ലഭിക്കു

ന്നത്. ഈ സാഹചര്യത്തിൽ കേരളത്തിലെ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണത്തിലൂടെയുളള മിനിമം ആനുകൂല്യം 100 രൂപയെങ്കിലും ലഭിക്കണമെന്ന ആവശ്യം ആർക്കും നിരാകരിക്കാൻ കഴിയില്ല.

## വെയിറേറജ്:

പരിഷ്ക്കരിച്ച ശമ്പളസ്കെയിലിന്റെ അടിസ്ഥാനത്തിൽ സർവീസിനനുസരിച്ച് ലഭിക്കുന്ന വെയിറേറജ് കണക്കാക്കുക എന്നതാണ് കഴിഞ്ഞകാല ശമ്പള പരിഷ്ക്കരണങ്ങളിൽ ചെയ്തിട്ടുളളത്. അതിൽ നിന്നെല്ലാം പിന്നോട്ടുപോകുന്ന സമീപനമാണ് വെയിറേറജിന്റെ കാര്യത്തിൽ കമ്മിഷൻ സ്വീകരിച്ചിട്ടുള്ളത്. നിലവിലുളള അടിസ്ഥാന ശമ്പളത്തിൽ ക്ഷാമബത്ത ലയിപ്പിച്ചുകൊണ്ടാണ് പരിഷ്ക്കരിച്ച ശമ്പളം നിശ്ചയിക്കുന്നത്. ഒരു വർഷ സർവീസിന് ½ ശതമാനം വെയിറേറജ് നിലവിലുളള ശമ്പളവും ക്ഷാമബത്തയും കൂട്ടികിട്ടുന്ന തുകയെ അടിസ്ഥാനപ്പെടുത്തി ലഭിക്കേണ്ടതാണ്

## വീട്ടുവാടക അലവൻസ്:

കേരളത്തിലെ ജനസംഖ്യാ സാന്ദ്രതയും പാർപിട പ്രശ്നവും യാഥാർഥ്യബോധത്തോടെ പരിശോധിക്കാൻ കമ്മിഷൻ തയ്യാറായിട്ടില്ല. ഗ്രാമപ്രദേശങ്ങളിൽപോലും പാർപ്പിട സൗകര്യം ലഭിക്കാൻ വളരെ പ്രയാസമാണ്. ഗൾഫ് മേഖലയിൽ നിന്നും വർഷംതോറും വരുന്ന 400 കോടി രൂപാ നമ്മുടെ സമ്പദ്ഘടനയിൽ വരുത്തുന്ന പ്രത്യാഘാതങ്ങളെപ്പററിയും ഭൂമിയുടെ വിലയും കെട്ടിട നിർമ്മാണചെലവും വർധിപ്പിക്കുന്നതിനെപ്പററിയും പരമാർശിക്കുന്ന കമ്മിഷൻ വീട്ടുവാടക അലവൻസ് ആയി നാമമാത്രമായ തുകയാണ് ശുപാർശ ചെയ്തിരിക്കുന്നത്. ഇന്നത്തെ യാഥാർഥ്യങ്ങരം കണക്കിലെടുത്തുകൊണ്ട് നഗരങ്ങളിൽ 100 രൂപയും പട്ടണങ്ങളിൽ 75 രൂപയും മററു പ്രദേശങ്ങളിൽ 50 രൂപയും ചുരുങ്ങിയ വീട്ടുവാടക അലവൻസായി നിജപ്പെടുത്തിക്കൊണ്ടുള്ള തീരുമാനം സർക്കാർ കൈകൊള്ളണം.

## മെഡിക്കൽ അലവൻസ്:

ജീവനക്കാരുടെ ശമ്പളത്തോടൊപ്പം മെഡിക്കൽ അലവൻസ് ലഭിക്കണമെന്നയാവശ്യം വളരെക്കാലമായി ഉന്നയിച്ചുവരുന്നതാണ്. ബംഗാൾ, ബീഹാർ, ആസാം കർണാടക മുതലായ സംസ്ഥാന ഗവൺമെൻറുകളും, എൽ. ഐ. സി. ബാങ്കുകൾ, ഫൈനാൻഷ്യൽ കോർപ്പറേഷൻ, കെ.എസ്.ഐ.ഡി.സി. മുതലായ മേഖലകളിലും ഈ അലവൻസ് നൽകിവരുന്നുണ്ട്. കേരളത്തിൽ കോ-ഓപ്പറേററീവ് മേഖലകളിൽ പ്രതിവർഷം 150 രൂപാ മുതൽ 300 രൂപാവരെയും ഫിനാൻഷ്യൽ എൻറർപ്രൈസസിൽ 375 രൂപയും ലഭിക്കുന്നുണ്ട്. ആരോഗ്യദൃഢ ഗാത്രരേയും രോഗികളെയും ഒന്നായികാണാൻ പററില്ല. എന്ന ന്യായവാദം ഉന്നയിച്ചുകൊണ്ട് മെഡിക്കൽ അലവൻസ് നിഷേധിക്കുകയാണ് കമ്മിഷൻ ചെയ്തത്. ചന്ദ്രഭാനു കമ്മിഷൻപോലും ഇക്കാര്യത്തിൽ ജീവനക്കാർക്ക് അർഹതയുണ്ടെന്ന് ചൂണ്ടിക്കാണിച്ചിരുന്നതാണ്. ഈ കമ്മിഷനാകട്ടെ അതുപോലും നിഷേധിച്ചിരിക്കുന്നു. മെഡിക്കൽ അലവൻസ് എല്ലാ ജീവനക്കാർക്കും ശമ്പളത്തോടൊപ്പം ലഭ്യമാകത്തക്ക തീരുമാനമുണ്ടാകണം.

## സിററി കോംപൻസേററി അലവൻസ്:

ഇൻഡ്യയിൽ ഏററവും രൂക്ഷമായ വിലക്കയററം അനുഭവപ്പെടുന്ന തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ കേന്ദ്ര ഗവൺമെൻറ് ജീവനക്കാർക്ക് ലഭിക്കുന്ന സിററി കോംപൻസേററി അലവൻസ് സംസ്ഥാന ജീവനക്കാർക്കും ലഭിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടു കൊണ്ടിരുന്നതാണ്. വർദ്ധിച്ച വീട്ടുവാടക അലവൻസ് ശുപാർശ ചെയ്തിട്ടുള്ളതിനാൽ ഈ ആനുകൂല്യത്തിന് ജീവനക്കാർക്കർഹതയില്ലെന്നാണ് കമ്മിഷൻെറ അഭിപ്രായം. തിരുവനന്തപുരം നഗരം ജനസംഖ്യാടിസ്ഥാനത്തിൽ ബി 1 ഗ്രൂപ്പിൽപ്പെടുന്നില്ലായെങ്കിലും സംസ്ഥാന തലസ്ഥാനമെന്ന നിലയിൽ ബി 1 ഗ്രൂപ്പിൽപെടുത്തി സിററി കോംപൻസേററി അല

വൻസ് വർദ്ധിപ്പിക്കാനുള്ള ആലോചന നടക്കുമ്പോൾ സംസ്ഥാന ജീവനക്കാർക്ക് ഈ ആനുകൂല്യം നിഷേധിക്കുന്നതിന് യാതൊരു ന്യായീകരണവുമില്ല.

വിദ്യാഭ്യാസ അലവൻസ്, ലീവ് ട്രാവൽ ആനുകൂല്യം എന്നിവവികലമായ വാദങ്ങൾ ഉന്നയിച്ചുകൊണ്ട് നിഷേധിക്കുകയാണ് കമ്മിഷൻ ചെയ്തിട്ടുള്ളത്. കേന്ദ്ര സർവ്വീസിലും മററു സംസ്ഥാന ഗവൺമെൻറുകളും പൊതുമേഖല സ്ഥാപനങ്ങളും നല്കിവരുന്ന ഈ ആനുകൂല്യങ്ങൾ സംസ്ഥാന ജീവനക്കാർക്കും നിഷേധിക്കുന്നതിന് യാതൊരു ന്യായീകരണവുമില്ല. പൂർണ്ണ പെൻഷൻ ലഭിക്കുന്നതിനുള്ള സർവ്വീസിന്റെ കാല ദൈർഘ്യം ഇന്നത്തേതിൽ നിന്ന് കുറയ്ക്കണമെന്ന ആവശ്യം കമ്മിഷൻ പരിശോധിച്ചിട്ടില്ല. റിക്രൂട്ട്മെൻറ് പ്രായം ഉയർത്തിയ ഗവ: ജീവനക്കാർക്ക് പൂർണ്ണ പെൻഷൻ ലഭിക്കുന്നതിനുള്ള കാലപരിധി കുറയ്ക്കുവാനും തയ്യാറാകണമെന്നാണ് ജീവനക്കാർ ആവശ്യപ്പെടുന്നത്.

## മൂന്നാമതൊരു ഗ്രേഡ് എല്ലാ ജീവനക്കാർക്കും അനുവദിക്കുക

ഏതാനും ചില തസ്തികകൾക്കു മാത്രമാണ് മൂന്നാമതു ഗ്രേഡ് ശുപാർശ ചെയ്തിട്ടുള്ളത്. 23 വർഷത്തെ സർവീസിന് മൂന്നാമത്തെ ഗ്രേഡ് അനുവദിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിനെ അടിസ്ഥാനമാക്കിയാണ് മൂന്നാമത്തെ ഗ്രേഡ് കമ്മിഷൻ ശുപാർശ ചെയ്യുന്നത്. എന്നാൽ 23 വർഷം എന്നത് കമ്മിഷൻ 25 വർഷമായി വർദ്ധിപ്പിച്ചിരിക്കുന്നു മാത്രമല്ല ഗ്രേഡ് ലഭിക്കുവാൻ അർഹതയുള്ള എല്ലാ ജീവനക്കാർക്കും അധ്യാപകർക്കും 25 വർഷത്തിന് മൂന്നാമതൊരു ഗ്രേഡ് ശുപാർശ ചെയ്തിട്ടുമില്ല. എല്ലാ ജീവനക്കാർക്കും മൂന്നാമത് ഗ്രേഡ് അനുവദിക്കേണ്ടതാണ്.

## അപാകതകൾ പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തുക:

നിരവധി തസ്തികകളുടെ ശമ്പള പരിഷ്കരണ കാര്യത്തിൽ അപാകതകൾ കടന്നുകൂടിയിട്ടുണ്ട്. ഇവ നിശ്ചിത കാലപരിധിക്കുള്ളിൽ പരിശോധിച്ച് തീരുമാനം എടുക്കാൻ കഴിയുന്ന തരത്തിലുള്ള സംവിധാനമാവശ്യമാണ്. ഇക്കാര്യത്തിലും അടിയന്തിര തീരുമാനമുണ്ടാകേണ്ടതാണ്. എല്ലാ സംഘടനകളും യോജിച്ചുന്നയിച്ച പരിമിതമായ ഈ ആവശ്യങ്ങൾ പോലും പരിഗണിച്ചുകൊണ്ട് ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ സർക്കാർ തയ്യാറായിട്ടില്ല സംഘടനകൾ ഉന്നയിക്കുന്ന പ്രശ്നം യഥാവസരം പരിശോധിക്കാൻ സർക്കാർ തയ്യാറാകുന്നില്ല എട്ടാം ധനകാര്യ കമ്മിഷൻ കേരളത്തോട് നീതി പുലർത്തിയിട്ടില്ല എന്ന് പരക്കെ ആക്ഷേപമുണ്ട്. സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം 1982 ഏപ്രിൽ 1ന് മുമ്പായി നടത്താനുള്ള ബാധ്യത ഏറെറടുത്തിരുന്നുവെങ്കിൽ അതിനുള്ള സാമ്പത്തിക സഹായം എട്ടാം ധനകാര്യ കമ്മിഷനിൽ നിന്നും ലഭിക്കുമായിരുന്നു. വളരെ നിരുത്തരവാദപരമായിട്ടാണ് കേരള സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള സമീപനം. ജീവനക്കാർക്ക് ക്ഷാമബത്തക്കവേണ്ടി വമ്പിച്ച ബാദ്ധ്യത ഏറെറടുക്കേണ്ടിവരുന്നു എന്ന് ഭരണാധികാരികൾ വിലപിക്കാറുണ്ട്. എന്നാൽ കാലാകാലം നൽകേണ്ടിവരുന്ന ക്ഷാമബത്തയുടെ സാമ്പത്തിക ബാധ്യത മുൻകൂട്ടി കണ്ട് ബഡ്ജററിൽ ഉൾക്കൊള്ളിക്കാൻ തയ്യാറായെങ്കിൽ മാത്രമെ അതുകൂടി കണക്കിലെടുത്തുള്ള വിഹിതം ധനകാര്യ കമ്മിഷനിൽ നിന്നും ലഭ്യമാവുകയുള്ളു.

മിനിമം ആനുകൂല്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് ശമ്പള പരിഷ്ക്കരണം അടിയന്തിരമായി നടപ്പിലാക്കണമെന്നും, അപാകതകൾ പരിഹരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ആഗസ്ററ് 7-ാം തീയതി മുതൽ ആരംഭിക്കുന്ന അനിശ്ചിതകാല പണിമുടക്ക് വിജയിപ്പിക്കുവാൻ സംസ്ഥാന ജീവനക്കാരോടും അധ്യാപകരോടും അഭ്യർഥിക്കുന്നു.

കൺവീനർ, അധ്യാപക സർവീസ് സംഘടനാ
ഐക്യസമരസമിതി
കൺവീനർ, കേരളാ സ്റേററ് ടീച്ചേഴ്സ്
എംപ്ളോയീസ് ഫെഡറേഷൻ

# MAJOR RECOMMENDATIONS OF ADISESHIAH COMMISSION

*(Extracts from the Report)*

1. The University Departments have, on the whole, a satisfactory record of teaching and research. Yet they do not figure prominently on the national academic scene. Efforts must be made to overcome this academic isolation by maintaining active contacts with National Institutes and Resarch Organisations and by holding more All India Summer Institutes and Workshops.

2. As the University Departments have highly qualified staff and good facilites, they may be encouraged to run their own specialised post-graduate courses adopting the semester system and the practice of nternal assessment.

3. There need be only one Board of Studies for one discipline and it should include 2 or 3 experts on the subject from outside the University. The Board is to be constituted by the Syndicate on the basis of proposals prepared by the Vice-Chancellor.

4. There should be an yearly assessment of the academic work and achievements of all the teachers and Heads of all Departments.

5. There is need for more decentalisation in the administrative set-up of the University. The Deans could be given more freedom and financial powers. The Deanship of the Faculties and the Headships of the Departments should be rotated among the Heads of Departments and Professors of the Depertment respectively on the principle of seniority.

6. The Commission has studied all aspects of the problem of the U. G. C. scales of pay. It recommends that the U. G. C. scales of pay should be implemented immediately in the University Departments and affiliated colleges enforcing the conditions attached thereto by the U. G. C.

7. The physical facilities, particularly of Government Colleges, and academic attainments of many of the affiliated colleges are not satisfactory. The University should conduct periodical inspection of these colleges as required under the Act. No new Arts and Science Colleges should be started during VII Plan period and funds available should be utilised for the proper maintenance and development of the existing institutions.And in future the conditions of affiliation as set forth in the Act and the Statutes should be enforced strictly.

8, The Commission finds that the rates of various items of fees are very low and bear no relalion to the rate of inflation experienced during the last decade. So a hike in all items of fees like tuition fee, library fee etc. is necessary and justifiable and is to be implemented immediately along with provision for freeships, scholarships and educational loans for students from poor families.

9. The academic standards of the colleges can be raised only by improving the quality of the academic staff. To ensure this, teacher appointments should be made on the basis of U. G. C. qualifications and provision made for recruitment of outside talent along with promotion of existing staff. Selection of staff should be on the basis of merit ; and communal rotation and communal quota system should be dropped subject to constitutional provisions. Teachers should be encouraged to improve their qualifications through FIP and other forms of U. G. C. assistance. The College Development Council can play an effective role in securing the resources available from U. G. C. and other funding agencies.

10. The Pre-degree course is beset with the problem of numbers and of location. To reduce the numbers, it is suggested that admission be restricted to those sacuring 50% marks or more in the S. S. L. C. examination or that each college admit students on the basis of an aptitude test conducted by it. As for the location of the course, immediately one of the following measures may be adopted: (1) Shift the Pre-degree to Secondary Schools that are well-equipped and are willing to run this course (2) Conduct the Predegree course in Junior Colleges which on that account should not be upgraded. In the long run the Pre-degree should be shifted to the school system as the Higher Secondary course.

11. To avoid the late starting of courses consequent on the delayed publication of University examination results, it is suggested that both undergraduate and post-graduate courses start in time with students selected through admission tests conducted by the University Departments and colleges.

12. Yet for the malaise that afflicts higher education in the State, the Commission finds only one lasting remedy. Colleges must be given the freedom (1) to devise and administer its own admission procedures, (2) to frame its own curriculum and (3) to operate its own evaluation system. Institutions that are willing to assume these responsibilities and strive for higher standards must be granted the freedom to do so. And as a step in this direction, academic autonomy may be granted to Government college for Women Trivandrum and Mar Ivanios College, Trivandrum.

13. The Commission is impressed by the perfomonce of the Professional Colleges of the University like those of engineering, medicine and law. It suggests that the present practice of admitting students to Professional Colleges on the basis of an Entrance Test should be continued and extended to the Law Colleges also. There should be Inter-University Co-ordination Boards to co-ordinate curricula and examination. The desirability of setting up a University of Health Sciences should be explored as also the harmonising of the different systems of medicine in vogue. A separate Directorate for all the Law Colleges in the State is also recommended.

14. The study of the examination system shows that there are two possible remedies —amelioration of the defects of the present examination system and the adoption of measures that would lead to replacement of the present system. To reduce the present examination load of the University the following measures are suggested: (1) The conduct of Pre-degree examinations may be entrusted to an Inter-University Board (2) Colleges may be empowered to

conduct all examinations except those at the end of the course.(3) Improvement examinations may be abolished or restricted to one chance to be availed of on completion of the course. (4) All supplementary examinations must be abolished (5) The external Pre-degree Practical examination may be replaced by an internal Practical examination and (6) The number of private candidates may be restricted by fixing 50% marks for eligibility.

15. But in order to make a more reliable assessment of students' knowledge and abilities, the University should adopt the Semester system and the practice of internal assessment beginning with the University Departments and extending it gradually to the post-graduate departments and undergraduate courses of affiliated colleges. The problem posed by the private candidates can be solved by establishing an Open University for the State.

16 The study of the infrastructure of the University shows that the physical facilities available at the Kariavattom Campus should be considerably augmented. The principle of locating the entire University at Kariavattom must be accepted and the scheme there of be implemented by the end of the VII Plan. The main University Library should be built at Kariavattom and the Research, Reference and Journal Sections of the Trivandrum unit should be transferred to it and Documentation Unit developed. Paucity of Departmental Libraries, especially in the area of journals, should be made good by the University.

17. The Commission finds that what is most needed in most of the affiliated colleges is a good, well-furnished library and to this end suggests that in the developmental schemes of the colleges priority be given to the construction of library buildings with assistance from U. G. C.

18. Examination of University finances shows that there is a widening gap between income and expenditure. The rates of various items of fees like examination fees, tuition fees etc. should be increased immediately. And the University should be more realistic in preparing its budget estimates. The numerous irregularities pointed out in the Audit Reports should be looked into and procedures evolved to eliminate them in future. And prompt action is required to liquidate all arrears due to the University and recover all advances, The arrears in audit dating from 1979-80 should be cleared and audit brought up-to-date. In this connection it is recommended that a Deputy Examiner from the Local Fund Account be appointed as the Finance Officer of the University. With the formation of Gandhiji University, the financial outlook of Kerala University appears bleak. Hence it is advisable that the finances of the University be reviewed by an expert committee to restructure its finances.

19. The direct payment of salaries to the teching and non-teaching staff of the colleges has placed a heavy financial burden on the Government. As the expenditure on this account is far in excess of the tuition fees remitted to the Government, there is the need for enhancement of fee rates in order to reduce the gap to some extent. An increase in the rates of maintenance grant and contingent grants is also to be effected. And as the recovery of excess teaching grants paid to the colleges has been long delayed and appears

not feasible, the amount involved might be written off. All the pending audit work of colleges should be taken up immediately and completed without delay.

20. The Commission views with concern the increasing politicisation of University bodies which are constituted mainly on the principle of election. To avoid this trend, it is suggested that the principle of election be replaced to a large extent by the principle of rotation on the basis of seniority or on the basis of nomination by the Chancellor on the recommendation of the Vice-Chancellor. Thereshould also be some reduction in the membership of the University bodies like theSenate,the Syndicate and the Acadamic Council so that these bodies become more viable and manageable.

21. The autonomy of the University should be safeguarded. In order to ensure this, the Chancellor should, except on financial matters, act on his own on the advice of the Vice-Chancellor, as necessary The office of the Pro-Chancellor should be abolished and the procedure for the selection and appointment of the Vice-Chancellor should be changed. The Pro-Vice-Chancellor and the Deans should be vested with more powers and responsibilities as part of a general scheme of decentralization of authority.

22. As for the Govsrnment Colleges, the Commission recommends that and Academic Advisory Board should be formed for every college. In the case of the Private Colleges, the Commission is of the view that the agreement between Government and the Management of Private Colleges which is now ten years old should be reviewed in the light of intervening events. And in order to preserve the proper academic atmosphere in the Campus, the Commission appeals to all political parties to leave academic institutions out of their orbit of operations.

23. Higher education in Kerala presents a discouraging picture. To rejuvenate academic life, three measures as referred to earlier are necessary: (a) Only those who have aptitude for higher education should be admitted to University courses (b) Examination system should be reformed in such a way that gradually external Examinations are replaced by internal assessment and the system of cumulative records. (c) University Departments and Colleges that show initiative and capacity for independent growth must be given the freedom to act as pioneers in pursuing academic excellence.

24. Though the U.G.C. has suggested that the Senate could be dispensed with, the Commission feels that the Senate has a very positive role to play in the academic world that it should be continued with its existing powers and functions but with reduced membership.

25. As higher education presents many important problems and subjects, both inter-university and in relation to individual and society for study and research which has not been undertaken in India so far, the Commission suggests that a Centre for Research on Higher Education should be set up under the auspices of all the Universites in the State, but academically independent of them, to study the problems of higher education. □

# NEW EDUCATION POLICY

## THE 'OTHER SIDE'

*Prepared by: The Editorial Committee of DUTA Executive*

AN attempt is made below (A) to sum up what we believe is the emerging consensus among educational administrators, the UGC and the Gavernment of India on the causes of and the solutions to the present crisis of higher education, (B) to summarise the response of the teachers movement to this consensus, and (C) to outline the conflicting approaches towards University governance, in particular academic freedom, autonomy and democratisation.

### (A) The 'official' point of view summed up

In the perspective of the educational bureaucrats the challenges and new dimensions of higher education and therefore the new tasks are (a) creating new knowledge and technical skills to 'take India into the 21st century, (b) meeting the needs of a new economic environment in which continuous technical upgradation and maintaining international standards is of the utmost importance, (c) inculcating positive values which will take the country forward etc.

To achieve these, they believe that the crippling nature of the existing scheme of higher education be overhauled. The critical symptoms afflicting higher education, according to the educational bureaucrats, are the following (i) "overcrowding" (ii) "indiscipline" agitations and restlessness, (iii) production of socially outdated knowledge and skills, and (iv) breakdown of values.

The solution to the problem of overcrowding is enunciated as follows: (a) in future, institutions will be strictly limited by the capacity of the existing facilities, (b) no new Universities and colleges will be opened. In practice these steps will imply a sharp fall in the rate of growth in the number of students and higher educational institutions. All this is sought to be achieved through a 'scheme' of merit-based admissions.

To curb unrest the plan is to impose "discipline". The right to dissent will be eliminated. Students Unions will be either banned or elections regulated etc. The existing norms regarding police entry into campuses will be abolished and the

police will be allowed to intervene on their own initiative. In any case the existing norms and sentiments about police entry are just a legacy of the colonial past. Since the Vice-Chancellors have been unable to fully curb indiscipline, in future the Government will control lower level appointments too. Since voices of protest are raised in academic bodies they are to be restructured ("homogenised") and elected representation to be abolished. The Gajendragadkar model of government control over the key appointment (that of the Vice-Chancellor) plus representation (even though token) to teachers and students is to be given up. The UGC in fact has been brazen enough to demand representation on all selection committees, on Executive councils and even demanded a voice in the selection of Vice-Chancellors. The stated purpose of all this was to break the grip of localism, to prevent corruption and to establish the "national character" of institutions. Needless to say, the key concept of "national character" itself was distorted. Does "national character" mean representation of each and every district of the country? annot even a small village have a national character if it projects nation-wide values?

Specific steps are to be taken to initiate man-power planning. Intake into arts and humanities and social sciences will be decreased while that into commerce, management, science and technology will be increased. An attempt will be made to 'vocationalise' education, so that education will be 'for work'.

To inculcate values, the 'ancient traditions' be highligted. There will be a combination of Science with spirituality, which according to them, will create human beings not only technically equipped but also socially and spiritually conformist.

**(B) The response of the teachers movement**

The teachers movement agrees that there is a crisis of education in general, including higher education, but our understanding and our solutions are quite different.

First of all we do not perceive a general problem of overcrowding. Infact the proportion of students inhigher educational institutions to the population in the corresponding age group is low by international standards. The problem in reality has been (a) the inadequacy of facilities. Government expenditure has not increased as required. Given the basic lack of facilities, educational institutions are sometimes compelled to take adhoc decisions on admission and this gives rise to the phenomenon which is misleadingly called over-crowding. (b) The non-availability of jobs which makes it appear that the end result of education is socially useless and that University output in terms of numbers is excessive.

Accordingly, the teaching community holds that facilties should be enhanced and job opportunities created. The increase in numbers which has taken place in the past is response to democratic pressures which cannot and should not be negated. Any attempt to identify the problem as one of numbers will be just an attempt to evade the responsibilities and implications of democratic polity.

The argument for merit-based admissions is quite misleading. Given the narrow base of our education system (about 70% illiteracy), given the high rate of drop-outs from schools, given the failure

to adopt the neighbourhood school system, given the existence of an exclusive, expensive private school system for the rich and given the gross inequalities of our society, 'merit-based' admission will mear admission only for the rich. This is something which the teachers movement cannot accept; it will not be acceptable to the people at large, either.

The official attempt to foster only a few centres of excellence while leaving the rest of the higher educational institutions to their fate is an integral part of the elitist policy frame being propagated now-a-days. The authorities are only keen to keep their overall expenditure under control while meeting the needs of big industry for trained man-power. The teachers movement sees the need for an egalitarian educational system providing true equality of opportunity; of course, this will be possible only within the framework of an egalitarian society.

Very often the argument is put in terms of a counterposing of 'quantity' and 'quality'-it is said that numbers have incresed and this has led to a deterioration in standards However, even a cursory look at syllabii at the examinations results, the number of first divisioners, and the number of successful doctoral theses would show that quality has hot declined.

In regard to unrest on the campuses, the teachers movement goes beyond the 'law and order, approoch. The basic reason for unrest is the non-availability of facilities, bad service conditions, etc. We would pose the question, are there any methods other than demonstration, dharna and strike which will convince the decision-makers on basic issues? Experience has shown that the only language understood by the authorities is the language of agitation.

Again, the employment market has a decisive impact on attitudes, particularly of students. Where jobs cannot be hoped for, will students be serious about studies?

The question of the content of higher education, its irrelevance and need to vocationalise is often misunderstood. Usually, the indicators cited to substantiate the irrelevance of the present system include: the massive problem of unemployed 'general' degree holders, the growing need for particular skills such as computer-programmers, skilled machinists, electronics technicians etc.

The problem of educated unemployed should be understood in its Context. In the fifties and sixties, one motive behind the easy expansion of intake was that this would delay entry of students into the employment market. Now, economic and social conditions have changed; this option is not acceptable any more to important sections within the Government. Meanwhile, with the shift from import substitution industrialisation to a more 'open', liberal', private sector dominant policy, the kind of skills produced have become even more grossly unsuitable than before' The needs of the vested interests now demand attention being paid to research and development in the areas of maximum private profit. Hence the drift in education policy has to be reversed: education has to be given new directions.

The bureaucrats are now demanding that huge sums be spent on research-oriented education and the creation of sufficient numbers of technically (vocationally)

equipped workers to cater to the needs of expansing business interests.

It is evident that with a different set of priorities-say, upliftment of the poorest, creation of jobs, land-reforms etc-the skills required and the priorities in education will be different.

Teachers are not against vocationalisation provided it is integrated with productive labour and removes the barrier between knowledge and practice. Rather, it has been our persistent complaint that our present educational system reinforces the segregation of the world of education from the world of work. An education system more in tune with productive requirements is a positive and good thing. We are only questioning whether the choice of development strategy, from which emerges the manpower requirement, is correct or favourable to the people.

Furthermore, the kind of vocationalisation that is being propagated is not only dehumanising but is also likely to be counter-productive. In fact, this applies to entire range of reforms proposed in regard to teaching methods.

Vocationalisation, to be effective, must be combined with the training in the fundamentals of the discipline concerned. Otherwise, the student will only have the role of a cog in the machine and as a result the students' potentialities will not be developed. As and when technology advances, the student will become useless.

Again, the reform of teaching methods, specifically, the manner in which distance education and audio-visual aids are to be used, seem to be against the fundamentals of sound education. Audio-visual aids can be a supplement to the teacher, not a substitute. Education is a process of interaction; any attempt to make it one-sided will be counter-productive.

Lastly, in regard to the values of education, the teachers' view is that these must be values enshrined in the constitution-socialism, secularism and democracy. Inculcation of even these values in abstract will be useless. What is required is the understanding of values within the social contex. It is here that experince gained during the national movement has a vital significance, particularly as it was formalised by the Radhakrishanan Committee. Education in values must be the outgrowth of a rational scientific understanding of nature and society. Uncritical inculcation of values, no matter how ancient, will not do.

### (C) University Governance

The conflict in understanding and approach analysed above naturally extends to the question of the mode of University governance. The teachers movement has been persistently putting forward its perspective on this question. However, the Government of India and the educational bureaucrats are going ahead with their schemes, as evident from the recently enacted amendments to the Viswa Bharati Act, the Central Universities Review Committee Report of the UGC, the proceedings of the Vice Chancellors' Conferences, amendments to many state university Acts (Maharashtra, Himachal Pradesh, Gandhiji University etc) and the repeated attempts to introduce Bills such as the Hospitals and other Iustitutions Bill.

The issues of democratisation and

autonomy are often understood in isolation. This is typical of certain commentators who will write in defence of autonomy but simultaneously deprecate the role of elected teachers and students in the decision-making bodies. As far as the teachers movement is concerned it has always argued that autonomy for a few university autocrats is no solution; it cannot even be a true autonomy.

The essence of the case for university autonomy is that "the concerned teachers must have the final responsibility in framing courses and syllabii, and that teachers, students and karamcharis must take the final decisions on these and all other academic matters, and matters of internal administration. These decisions must be taken within the universities, on the basis of responsiveness to public criticism, as well as critism within the University community. In other words, we stand for a democratic autonomy of the universities, democratic in the double sense of responsiveness to external criticism from without as from within the Universities"

Within the present framework of education, where the state pays for a large part of educational expenditure, universities cannot take financial decisions in isolation from the general economic situation in the country; to this extent there are objective limits to the universities' freedom of decision-making of which we are conscious.

The UGC was set up for the determination, maintainance, coordination and improvement of standards of university education and research. Accordingly, it was given the responsibility of administering funds for the maintenance and development of universities. It was set up as an autonomous body, the purpose being to reduce the direct impact of the Education Ministry on the universities, keeping a check on their finances, while leaving them with full academic autonomy.

In fact, nothing of the short has been achieved. The UGC has turned out to be a rubber stamp for government policies. Very rarely has the UGC taken the initiative in dealing with the fundamental problems of higher education. And the UGC, far from being an expert co-ordinator, has become the sole arbitrator, further bureaucratising the existing bureaucratic set-up. In mid-1983, an amendment to the UGC Act was passed to formalise this.

It is not as if the UGC is an essential, integral part of higher education in India. Central (and for that matter, State) universities can function without the benefit of the UGC's advice. It is easy enough to think of a system of management in which a body such as the UGC will not be necessary: each central/state university would be autonomous in matters of academics and matters of daily administration. However, the annual reports of each central state university would be placed before Parliament/Legislative Assembly. Resolutions of Parliament & Legislative Assemblies would be compulsorily considered by the relevant university bodies, but final decisions on all academic and internal administrative matters would be taken by the concerned academic, administrative, and executive authorities within the university. On financial matters, where the University has to rely on public funds, there would be direct involvement of the Ministry of Education, but on the

remaining issues, the universities would have complete autonomy.

Together with autonomy of the University, full participation of those involved-students, teachers and non-teaching staff must be ensured if the universities are to function properly and autonomy is to be of any meaning.

Participation, in turn, requires de-centralisation of decision-making plus democratisation of decision-making bodies. DUTA worked out an entire scheme for this purpose as far back as 1968. Some of the features are: (a) plugging of gaps in decision-makrng, (b) term posts for Principals, (c) more powers for College teachers in the form of Staff Councils, (d) majority representation of teachers students and non-teaching staff on College Governing Bodies. (e) restructuring of university departments with the formation of committees ensuring participation of all teachers, (f) doing away with the present ex-officio dominated Academic Council and replacing it with an Academic Council having majorities of elected teachers and students, (g) majority representation of teachers, students and non-teaching staff on the Executive Council, (h) reorganisation of university administration, taking away some of the arbitrary powers of the Registrar and giving it to the elected committees, (i) reconstitution of bodies like the planning unit and f.nance committees.

Apart from these salient features, the demand of our parent body, AIFUCTO, for the abolition of private management and University take-over of all colleges is of vital significance for any break through in thefield of higher education.

Needless to say, authorities at all levels, from the Vice-Chancellors to the UGC and the Central Government, are totally opposed to such schemes. Many years of agitation finally led to the formation, in Delhi Uni-versity' of a Working Group on Democratisation which prepared an interim report about 18 months ago. However, the Delhi University authorities following in the footsteps of the UGC and the Government of India, have not cared to start with the implementation of the Interim Report. Every recommendation has been modified and twisted out of recognition and in fact, the result, in one case, has been a net deterioration in the situation.

In sum, the outlook from the point of view of Delhi University teachers is not at all a rosy one. We have made substantial gains in regard to promotion and other material benefits, but in regard to autonomy and democratisation, our achievement, to be honest, has been only one of defence-we have struggled to retain what little we have.

---

*"The percentage of literacy when the imperialists left India was about 11% Today after 38 years of independence it is still at a little more than 30%, thus averaging a mere 0.5% increase in literacy per annum. This is an achievement which should have made all of us hang our heads in shame, but most of all those who ruled the country!"*

*Soumndranath Bhattachariya*
*Vice-President AIFUCTO*

---

# AIFUCTO

## ബാംഗ്ളൂർ സമ്മേളനം

ഇൻഡ്യയിലെ അധ്യാപക പ്രസ്ഥാനത്തിൻെറ വളർച്ചയുടെ പുതിയൊരു നാഴികക്കല്ലാണ് ജൂൺ 7, 8, 9 തീയതികളിൽ ബാംഗ്ളൂരിൽ നടന്ന ഐഫക്ടോയുടെ 13–ാം ദേശീയസമ്മേളനം. മററെല്ലാ രംഗത്തുമെന്നപോലെ സേ്വച്ഛാധിപത്യപ്രവണത വിദ്യാഭ്യാസരംഗത്തും വർദ്ധിച്ചു വരികയാണ്. പുതിയ വിദ്യാഭ്യാസനയം വരാൻ പോകുന്നു. അറിഞ്ഞിടത്തോളം അടിമുടി ജനാധിപത്യ വിരുദ്ധമാണത്. കമ്പ്യൂട്ടർ കുട്ടികളെ വളർത്താനുള്ള ശ്രമം പോലെ ഒരു ചെറിയ വിഭാഗത്തിന് വിദ്യാഭ്യാസം, ഭൂരിപക്ഷത്തിനും നിരക്ഷരത ഇതാണ് പുതിയ നയത്തിൻെറ കാതൽ. യൂണിവേഴ്സിററി തലത്തിലെ എല്ലാ ജനാധിപത്യാവകാശങ്ങളെയും എടുത്തുകളയുകയാണ് പുതിയ നയത്തിൻെറ മറെറാരുവശം. ഇത്തരം കടന്നാക്രമണങ്ങളുടെ പശ്ചാതലത്തിലാണ് സമ്മേളനം നടന്നത്.

കർണ്ണാടകാ മുഖ്യമന്ത്രി ശ്രീ രാമകൃഷ്ണ ഹെഗ്ഡേയായിരുന്നു സമ്മേളനം ഉത്ഘാടനം ചെയ്തത്. ഇൻഡ്യയുടെ നാനാഭാഗത്തു നിന്നുമുള്ള യൂണിവേഴ്സിററി: കോളേജ് അധ്യാപകസംഘടനാപ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. (എ കെ പി സി ടി എ യുടെ ഏഴുപ്രതിനിധികൾ) കർണ്ണാടക വിദ്യാഭ്യാസമന്ത്രി ശ്രീ. രഘുപതിയും പശ്ചിമ ബംഗാൾ വിദ്യാഭ്യാസമന്ത്രി ശ്രീ. ശംഭു ഘോഷും ഉത്ഘാടനയോഗത്തിൽ സംബന്ധിച്ചിരുന്നു.

ഇൻഡ്യൻ വിദ്യാഭ്യാസരംഗത്തു നിരന്തരം നടത്തിവരുന്ന പരീക്ഷണങ്ങൾ വലിയ ആശയക്കുഴപ്പത്തിനും നിലവാരത്തകർച്ചയ്ക്കും വഴി വെച്ചിരിക്കയാണെന്ന് ശ്രീ. ഹെഗ്ഡേ പറഞ്ഞു. നിരക്ഷരതാ നിർമാർജനം വലിയൊരുപരാജയമായി. അടുത്ത അഞ്ചുവർഷത്തിനകം കർണ്ണാടകത്തിലെ നിരക്ഷരത നിർമാർജനം ചെയ്യാനുള്ള തീവ്രശ്രമത്തിലാണ് തൻെറ സർക്കാരെന്ന് അദ്ദേഹം പറഞ്ഞു. ഇതിന് അധ്യാപകരുടെ സഹായം ശ്രീ. ഹെഗ്ഡേ അഭ്യർത്ഥിച്ചു. ഇൻഡ്യൻ വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം ഉയർത്താൻ കഴിഞ്ഞാൽ ഇന്നുള്ള മസ്തിഷ്കചോർച്ച പ്രശ്നമാവില്ലെന്നും ഹെഗ്ഡേ പറഞ്ഞു.

അധ്യാപകർക്ക് ട്രേഡ്യൂണിയൻ അവകാശം നല്കണമെന്ന് അധ്യാപക സംഘടനകളുടെ ലോകഫെഡറേഷൻ (F I S E) പ്രസിഡൻറ് ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ശ്രീലങ്കൻ ഗവണ്മെൻറ് സ്വീകരിച്ച നടപടി അനുകരിക്കാവുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര – സംസ്ഥാന ഗവൺമെൻറുകൾ അവരുടെ നയങ്ങളും പരിപാടികളും നടപ്പിലാക്കുമ്പോൾ അധ്യാപകരുടെ അഭിപ്രായത്തിനു പ്രാധാന്യം നൽകണമെന്ന് യോഗത്തിൽ അധ്യക്ഷതവഹിച്ച ഐഫക്ടോപ്രസിഡൻറ് ശ്രീ. എം ജെ മാണിക്യറാവു അഭിപ്രായപ്പെട്ടു. മൂന്നുദിവസം നീണ്ടുനിൽക്കുന്ന ഈ ദേശീയസമ്മേളനം അധ്യാപകസമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ, വിദ്യാഭ്യാസ രംഗത്തെ വൈകല്യങ്ങൾ, ലോകസമാധാ

നത്തിനു നേരിട്ടിരിക്കുന്ന ഭീഷണി—എന്നീ വിഷയങ്ങൾ ചർച്ചചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്രഗവൺമെൻറുകൊണ്ടുവരാനുദ്ദേശിക്കുന്ന പുതിയ വിദ്യാഭ്യാസനയം, ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളേയും തൊഴിലും വിദ്യഭ്യാസവും ഇല്ലാത്തവരായി നിലനിർത്താനുദ്ദേശിച്ചുള്ളതാണെന്നും പ്രസിഡൻറ് അഭിപ്രായപ്പെട്ടു.

ഐഫക്ടോ ജനറൽ സെക്രട്ടറി മൃൺമോയ് ഭട്ടാചാര്യ, സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർത്തലാക്കണമെന്നത് സംഘടന ഉന്നയിക്കുന്ന പ്രധാന ആവശ്യമാണെന്ന് പറഞ്ഞു. അനൗപചാരിക വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കപ്പെടണം. പക്ഷേ അതൊരിക്കലും ഔപചാരിക വിദ്യാഭ്യാസത്തിൻെറ ചെലവിൽ ആയിക്കൂടെന്നും അദ്ദേഹം പറഞ്ഞു.

വിദ്യാഭ്യാസ നിലവാരം ഉയർത്തിയാലേ ദേശീയോത്ഗ്രഥനം സാധ്യമാകൂ എന്ന് പശ്ചിമ ബംഗാളിലെ ഉന്നതവിദ്യാഭ്യാസവകുപ്പുമന്ത്രി പ്രൊഫ. ശംഭുഘോഷ് അഭിപ്രായപ്പെട്ടു. കേന്ദ്രഗവൺമെൻറ് വിദ്യാഭ്യാസത്തിന് വളരെക്കുറച്ചുതുകയെ ചെലവാക്കുന്നുള്ളുവെന്നും നിരക്ഷരത നിർമ്മാർജനം ചെയ്യാൻ നടപടികളുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസ വളർച്ചയ്ക്കും അധ്യാപക ക്ഷേമത്തിനും കർണാടകസർക്കാർ ചെയ്യുന്നകാര്യങ്ങൾ മന്ത്രി ശ്രീ രഘുപതി വിവരിച്ചു. ഗുണപരമായ മാററം വിദ്യാഭ്യാസ രംഗത്തുണ്ടാക്കാനാണ് ഗവൺമെൻറിൻെറ ശ്രമമെന്ന് ശ്രീ രഘുപതി പറഞ്ഞു. ബാംഗ്ലൂർ യൂണിവേർസിററി വൈസ്ചാൻസിലർ ഡോ. ശങ്കരനാരായണൻ ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് മനേജ്മെൻറ് ഡയറക്ടർ ഡോ: ഫിലിപ്പ് എന്നിവരും സംസാരിച്ചു.

## ജനറൽസെക്രട്ടറിയുടെ റിപ്പോർട്ട്

ജനറൽ സെക്രട്ടറി മൃൺമോയ് ഭട്ടാചാര്യ അവതരിപ്പിച്ച റിപ്പോർട്ടിനെപ്പററി നടന്ന ചർച്ച ശ്രദ്ധേയമായിരുന്നു. ഐഫക്ടോ സെക്രട്ടറിമാരിൽ ഒരാളായ പ്രൊഫ. സത്യസദൻ ചക്രവർത്തിയാണ് ചർച്ചയ്ക്ക് തുടക്കം കുറിച്ചത്. ദേശീയ വിദ്യാഭ്യാസ സർവ്വീസിനെപ്പററിയും ഇൻഡ്യയൊട്ടുക്കും ഒരു ഏകീകൃത സിലബസ്സിനെപ്പററിയും കേൾക്കുന്നകാര്യം പ്രൊഫ. ചക്രവർത്തി പറഞ്ഞു. ഇൻഡ്യയുടെ നാനാത്വത്തെ പരിഗണിക്കാതെ കൃത്രിമമായി നടത്തുന്ന ഏകീകരണം എതിർഫലമെ ചെയ്യുള്ളു ഭൂരിപക്ഷം ജനങ്ങളും ഇൻഡ്യയിൽ നിരക്ഷരരാണ് എന്നയാഥാർത്ഥ്യം ഏതു പരിഷ്ക്കാരം കൊണ്ടുവരുമ്പോഴും ഓർത്തിരിക്കേണ്ടതാണ്. അധ്യാപകനുപകരം, ടി.വി. യും കാസററുകളും ഏർപ്പെടുത്താനുള്ള ശ്രമവും നടക്കുന്നുണ്ടല്ലോ. യൂണിവേർസിററി അധ്യാപകർക്കും കോളേജധ്യാപകർക്കും രണ്ടുതരം സ്കെയിലുകൾ ഏർപ്പെടുത്തി ഭിന്നിപ്പുണ്ടാക്കാനുള്ള തന്ത്രത്തേയും ഐഫക്ടോ എതിർത്തു തോല്പിക്കണം എന്നദ്ദേഹം പറഞ്ഞു.

ചർച്ചയിൽ പങ്കെടുത്ത സംഘടനയുടെ വൈസ് പ്രസിഡൻറ് ശ്രീ. കെ. കെ. തെക്കേടത്ത്, ഭൂരിഭാഗം ജനങ്ങളേയും നിരക്ഷരതയിലേയ്ക്ക് തള്ളിയിട്ട് ഒരു ചെറു വിഭാഗത്തെ സാങ്കേതിക വിദ്യയിലും മാനേജുമെൻറിലും പരിശീലിപ്പിച്ചെടുക്കാനുള്ള പുതിയ തന്ത്രത്തെ എതിർക്കണമെന്നാവശ്യപ്പെട്ടു. ഈ വിദ്യാഭ്യാസനയം വൻകിട ബിസ്സിനസ്സിനെ സഹായിക്കാൻ മാത്രമാണ്. പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ ഗവൺമെൻറ് പ്രൈവററ് മാനേജുമെൻറുകളെ പ്രോത്സാഹിപ്പിക്കുകയാണ്. ഇത് അധ്യാപകരുടേയും വിദ്യാർത്ഥികളുടെയും ജനാധിപത്യാവകാശങ്ങളുടെ നേർക്ക് പുതിയ കടന്നാക്രമണത്തിന് വഴിയൊരുക്കും. ഈ വെല്ലുവിളിയെ കൂടുതൽ യോജിപ്പോടെ അധ്യാപകർ നേരിടേണ്ടതുണ്ട്

അമ്പതിൽപരം അധ്യാപകർ ചർച്ചയിൽ പങ്കെടുത്തു. ഇൻഡ്യയുടെ സാമൂഹ്യ—സാമ്പത്തിക—വിദ്യാഭ്യാസരംഗം നേരിടുന്ന കുഴപ്പങ്ങളുടെ ഉത്തരവാദിത്വം കേന്ദ്രഗവൺമെൻറിനാണെന്ന് ഊന്നിപ്പറയുന്നതിൽ റിപ്പോർട്ട്

വേണ്ടത്ര വിജയിച്ചിട്ടില്ലെന്ന് പല അംഗങ്ങളും വിമർശനം ഉന്നയിച്ചു. അന്തർദേശീയവും ദേശീയവും വിദ്യാഭ്യാസപരവുമായ പ്രശ്നങ്ങൾ റിപ്പോർട്ടിൽ പ്രത്യേകം പ്രത്യേകം വിലയിരുത്തുന്നുണ്ടെങ്കിലും ഇവ തമ്മിലുള്ള ബന്ധം റിപ്പോർട്ട് അപഗ്രഥിക്കുന്നില്ലെന്നും വിമർശനമുണ്ടായി. ഇൻഡ്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും ആഗ്രഹത്തിനെതിരായൊരു വിദ്യാഭ്യാസനയം ഗവണ്മെൻറു കൊണ്ടുവരാനുദ്ദേശിക്കുന്നതിൽ അംഗങ്ങൾ ഉത്കണ്ഠ രേഖപ്പെടുത്തി. ഏകാധിപത്യ സ്വഭാവമുള്ളതും ഉന്നതമാർക്ക് മാത്രം പ്രയോജനം ചെയ്യുന്നതുമായ ഈ നയത്തെ ചെറുത്തുതോല്പിക്കാനായി ഐഫക്ടോ കൂടുതൽ കരുത്തുള്ള സംഘടനയായി വളർത്തേണ്ടതുണ്ടെന്ന് അംഗങ്ങൾ പറഞ്ഞു. ചർച്ചയ്ക്കു മറുപടി പറഞ്ഞ ജനറൽസെക്രട്ടറി, അംഗങ്ങൾ നിർദ്ദേശിച്ച പല ഭേദഗതികളും സ്വീകരിച്ചു. റിപ്പോർട്ട് ഐകകണ്ഠ്യേന അംഗീകരിച്ചു.

മററു ജനാധിപത്യ വിഭാഗങ്ങളുമായി യോജിച്ചുകൊണ്ട് പുതിയ വിദ്യാഭ്യാസനയത്തിനെതിരേ പൊരുതണമെന്ന് സമ്മേളനം അംഗീകരിച്ച് പ്രമേയം അധ്യാപകരോട് ആവശ്യപ്പെട്ടു. അക്കാദമിക് സ്വാതന്ത്ര്യത്തിനുമേൽ കേന്ദ്രഗവണ്മെൻറു നടത്തുന്ന കടന്നാക്രമണത്തെ അപലപിക്കുന്ന പ്രമേയവും അംഗീകരിച്ചു. അധികാരികളുടെ പകപോക്കൽ നയം അവസാനിപ്പിക്കുക, സേവനസ്ഥിരത ഉറപ്പുവരുത്തുക എന്നീ ആവശ്യങ്ങളടങ്ങുന്ന പ്രമേയവും പാസാക്കി. ലോകസമാധാനത്തിനെതിരേ ഉയർന്നുവന്നിട്ടുള്ള ഭീഷണി ഇല്ലാതാക്കാനുള്ള പരിശ്രമങ്ങളിൽ പങ്കാളികളാകണമെന്ന് എല്ലാ അധ്യാപകരോടും യോഗം അഭ്യർത്ഥിച്ചു.

---

ഐഫക്ടോയുടെ പ്രസിഡൻറായി **പ്രൊഫ. കെ. കെ. തെക്കേടത്തിനെയും** ജനറൽസെക്രട്ടറിയായി **പ്രൊഫ. മൃൺമോയ് ഭട്ടാചാര്യയെയും** ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.

---

# സെപ്തംബർ 5 പ്രതിഷേധ ദിനം

കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽ സർവ്വകലാശാലകളുടെ ജനാധിപത്യസ്വഭാവം തകർക്കുന്നതിൽ പ്രതിഷേധിച്ച് ഐഫക്ടോ സെപ്തംബർ 5 പ്രതിഷേധദിനമായി ആചരിക്കും.

ബോംബേയിൽ സമ്മേളിച്ച ഐഫക്ടോ എക്സിക്യൂട്ടീവാണ് ഈ തീരുമാനമെടുത്തത്. ആന്ധ്രയിൻ ആറ് സർവ്വകലാശാലാ സിൻഡിക്കേററിലേക്കുള്ള തെരഞ്ഞെടുപ്പ് രാമറാവു ഗവൺമെൻറ് റദ്ദാക്കിയിരിക്കുകയാണ്. കേരളത്തിൽ ഗാന്ധിജി യൂണിവേർസിററിനിയമം ജനാധിപത്യാവകാശങ്ങളെ കശാപ്പുചെയ്യുന്നതാണ്.

കേന്ദ്രഗവൺമെൻറ് പുതിയ വിദ്യാഭ്യാസനയം ആവിഷ്കരിക്കുന്നതിനു സ്വീകരിച്ച നടപടിയിലും ഐഫക്ടോക്ക് പ്രതിഷേധമുണ്ടെന്ന് ജനറൽ സെക്രട്ടറി മൃൺമൊയ് ഭട്ടാചാര്യ പത്രസമ്മേളനത്തിൽ പറഞ്ഞു. ഇതു സംബന്ധിച്ച് കേന്ദ്രത്തിന് ഐഫക്ടോ എഴുതിയിട്ടുണ്ട്.

---

*"He who is pushed back with darkness of ignorance would create a vast gulf totally overshadowing your well being"*

*"He who is pushed behind by you would pull you behind"*

—*Tagore*

---

# ജില്ലാ വാർത്തകൾ

## മലപ്പുറം

## എം. ഇ. എസ്. കോളേജുകളിലും സ്ഥലംമാററദ്രോഹം

മററു കോർപറേററ് മാനേജുമെൻറുകളെപ്പോലെ എം. ഇ. എസ്. മാനേജുമെൻറും വൈരനിര്യാതന ബുദ്ധിയോടെ അദ്ധ്യാപകരെ സ്ഥലം മാററി ദ്രോഹിക്കുന്നതിൽ എ കെ പി സി ടി എ മലപ്പുറം ജില്ലാകൗൺസിൽ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തി. ഇക്കാര്യം ചർച്ചചെയ്യുന്നതിനായി എം. ഇ. എസ്. കോളേജ് ടീച്ചേർസ് കോ-ഓർഡിനേഷൻ കൗൺസിൽ ഉടൻ വിളിച്ചുകൂട്ടണമെന്ന് പ്രവർത്തക സമിതിയോട് യോഗം അഭ്യർത്ഥിച്ചു.

ശ്രീ. ടി. പി. ഹബീബ് റഹ്മാൻെറ അധ്യക്ഷതയിൽ കൂടിയ ജില്ലാകൗൺസിൽ യോഗം ജില്ലയിലെ സംഘടനാപ്രവർത്തനങ്ങാം വിലയിരുത്തി. റംസാൻ അവധിക്കുശേഷം 24–ാം തീയതി കോളേജുകാം തുറന്നെത്തിയാലുടൻ അതത് കോളേജിലെ സർവ്വീസ് പ്രശ്നങ്ങളെക്കുറിച്ച് ബ്രാഞ്ചുസെക്രട്ടറിമാർ പഠിക്കേണ്ടതും ജില്ലാസെക്രട്ടറിയെ എഴുതി അറിയിക്കേണ്ടതുമാണെന്നു തീരുമാനിച്ചു.

ശമ്പളക്കമ്മീഷൻ റിപ്പോർട്ടിലെ അപാകതകാം പരിഹരിച്ചു നടപ്പിലാക്കി കിട്ടുന്നതിനുള്ള പ്രക്ഷോഭപരിപാടികാം ജില്ലയിൽ പരിപൂർണ്ണവിജയത്തിലെത്തിക്കാനും കൗൺസിൽ തീരുമാനിച്ചു. ജൂൺ 7 മുതൽ 9 വരെ ബാംഗ്ളൂരിൽ നടന്ന ഐഫക്ടോ സമ്മേളനത്തെക്കുറിച്ചും, എകെപിസിടിഎ പ്രവർത്തകസമിതി തീരുമാനങ്ങളെക്കുറിച്ചും ജില്ലാ സെക്രട്ടറി ശ്രീ. എ. പ്രതാപചന്ദ്രൻ നായർ വിവരിച്ചു. ശ്രീ. ബഷീർ അഹമ്മദ്, ശിവരാമൻ, ബാലകൃഷ്ണൻ നായർ, സോമനാഥമേനോൻ, ബാലചന്ദ്രൻ നായർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

## തിരുവനന്തപുരം

ജില്ലാപ്രസിഡൻറ് പ്രൊഫ. എം. എൻ. കുഞ്ഞുരാമൻ പിള്ളയുടെ അധ്യക്ഷതയിൽ കൂടിയകൗൺസിൽയോഗം സംഘടനാ പ്രവർത്തനങ്ങാം ഊർജിതപ്പെടുത്താൻ തീരുമാനിച്ചു.

ശമ്പളക്കമ്മീഷൻ റിപ്പോർട്ടിൻെറ കാര്യത്തിൽ ഗവൺമെൻറു നടത്തുന്ന ഒളിച്ചുകളിയും, റിപ്പോർട്ടിലെ അപാകതകാം പരിഹരിച്ചു നടപ്പിലാക്കികിട്ടാൻ ഐക്യസമരസമിതി ആവിഷ്കരിച്ചിട്ടുള്ള സമരപരിപാടികളും ജില്ലാ സെക്രട്ടറി ശ്രീ ജോസഫ് ആൻറണി വിശദീകരിച്ചു. ഐക്യസമരസമിതിയുടെ താലൂക്ക് സമിതികളിലേക്ക് എം. എൻ കുഞ്ഞുരാമൻ പിള്ള (നെടുമങ്ങാട്) എസ്. ജഗന്നാഥൻ (നെയ്യാററിൻകര) ഹജജു മുഹമ്മദ്, വിശ്വനാഥൻ (ചിറയിൻകീഴ്) ജോസഫ് ആൻറണി (തിരുവനന്തപുരം) എന്നിവരെ നോമിനേററ് ചെയ്തു.

---

**എ.കെ.പി.സി.ടി.എ. കെട്ടിടഫണ്ടിലേക്ക് സംഭാവന നൽകുക.**

---

# പ്രീഡിഗ്രി കോളേജുക ളിൽ നിന്നു മാററരുത്

കേരളത്തിൽ പ്രീഡിഗ്രി വിദ്യാഭ്യാസം തുടക്കം മുതൽ കോളേജ് വിദ്യാഭ്യാസത്തി ൻെറ ഭാഗമായി വേരൂന്നിക്കഴിഞ്ഞതാണ്. ഇപ്പോഴത് സ്കൂളിലേക്കു പറിച്ചുനടാനുള്ള ശ്രമം ഒരു ഭ്രാന്തൻ നയമായേ കാണാനാക ഴിയൂ. യാഥാർത്ഥ്യബോധമോ വിദ്യാഭ്യാസ രംഗത്തെ ആധുനിക വിചാരധാരയോ സ്പർശി ക്കുകപോലും ചെയ്തിട്ടില്ലാത്ത ആദിശേ ഷയ്യ—ഗോപാലൻ കമ്മീഷനുകളുടെ ഒത്താ ശയോടെ ധൃതിപിടിച്ചിക്കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കരുതെന്ന് എ. കെ. പി. സി. ടി. എ. ജനറൽ സെക്രട്ടറി പ്രൊഫ. വി. നാരായണൻ കുട്ടി ഗവൺമെൻറിനോടാ വശ്യപ്പെട്ടു.

കേരളത്തിലെ സാഹചര്യങ്ങൾ കണക്കിലെ ടുത്താൽ ഇങ്ങനൊരു തീരുമാനമെടുക്കാൻ കഴിയില്ലെന്ന് ജനറൽസെക്രട്ടറി ഓർമ്മി പ്പിച്ചു. കോടിക്കണക്കിനു രൂപ മുതൽ മുട ക്കേണ്ടിവരും ഈ പറിച്ചുനടീലിന്. മാത്രമല്ല കോളേജുകളിൽ ഉണ്ടായ മുതൽ മുടക്കെല്ലാം നിഷ്പ്രയോജനമായിത്തീരും. അഷ്ടിക്കു വകയില്ലാതെ വിഷമിക്കുന്ന സർക്കാർ കുടു തലായി സ്വകാര്യമേഖലക്ക് കീഴടങ്ങേണ്ടിയും വരും. പ്രീഡിഗ്രിക്ക് പ്രത്യേക പരീക്ഷാ ബോർഡ് എന്ന നിർദ്ദേശത്തിൽത്തന്നെ ഈ വിപത്തൊളിഞ്ഞിരിപ്പുണ്ട്.

സ്വയം ഭരണകോളേജുകൾ അനുവദിക്കാൻ സർക്കാർ തീരുമാനിച്ചതിൻെറ ഫലമാണ് ഈ പരിഷ്കാരനിർദ്ദേശം. ഉന്നതവിദ്യാഭ്യാസ രംഗത്ത് വർദ്ധമാനമായ അഴിമതിക്കും അരാജകത്വത്തിനും ഇതു വഴിതെളിക്കും. ആദിശേഷയ്യക്കമ്മീഷൻ റിപ്പോർട്ട് സർവ്വകലാ ശാലാസെനററുകൾ പരിഗണിക്കാനിരിക്കുന്ന തേയുള്ളൂ. അതിനുമുമ്പുതന്നെ അതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുനുള്ള ശ്രമം പ്രതിഷേധാർഹമാണെന്നു ജനറൽ സെക്രട്ടറി പറഞ്ഞു.

# പിരിച്ചുവിടൽ ശ്രമം പരാജയപ്പെടുത്തും

## സർസെയ്ത് കോളേജിനു മുമ്പിൽ കൂട്ടധർണ

തളിപ്പറമ്പ് സർസെയ്ത് കോളേജിനു മുമ്പിൽ ജൂൺ 11 ന് നടന്ന ധർണ മാനേജ് മെൻറിനൊരു മുന്നറിയിപ്പാണ്. സർവ്വകലാ ശാലാനിയമങ്ങളും നിർദ്ദേശങ്ങളും, സീനി യോറിററി സംബന്ധിച്ച വ്യവസ്ഥകളും കാററിൽ പറത്തിക്കൊണ്ട് രണ്ടധ്യാപകരെ പിരിച്ചുവിടാനുള്ള മാനേജുമെൻറ് തീരുമാ നത്തിൽ പ്രതിഷേധിച്ചാണ് നൂറോളം അധ്യാ പകർ എ കെ പി സി ടി എ യുടെ നേതൃത്വ ത്തിൽ കോളേജിനു മുമ്പിൽ കൂട്ടധർണ നട ത്തിയത്.

സുവോളജി അധ്യാപകനായ ശ്രീ. അൻ സാരിയും, ഹിസ്റ്ററി അധ്യാപകനായ ശ്രീ. പത്മ നാഭനും 1979 ൽ നിയമാനുസൃതം നിയമിക്ക പ്പെട്ടവരാണ്. സ്ഥിരമായ ഒഴിവിലേയ്ക്കാണ് അപേക്ഷകൾ ക്ഷണിച്ചിരുന്നതും. എന്നാൽ ആദ്യം വന്ന ഒഴിവുകൾ ലീവ് വേക്കൻസി കളായിരുന്നു. റാങ്ക് ലിസ്ററിൽ ആദ്യം ഉള്ളവരെ ആദ്യം നിയമിക്കേണ്ടതുള്ളതുകൊണ്ട് അവരെ ഉടനേ നിയമിക്കുകയും ചെയ്തു. പുതിയ റഗുലർ വേക്കൻസി വരുന്ന മുറയ്ക്ക് താല്ക്കാലി തസ്തികകളിൽ ജോലി ചെയ്യുന്ന നിലവിലുള്ള അധ്യാപകരെ സീനിയോറിററി യുടെ അടിസ്ഥാനത്തിൽ റഗുലറൈസ് ചെയ്യണം എന്നാണു ചട്ടം. എന്നാൽ മാനേജ് മെൻറ് അതുപാലിച്ചിട്ടില്ല. എന്നുമാത്രമല്ല ആ ഒഴിവുകളിലേക്ക് രണ്ടു പുതിയ അധ്യാ പകരെ നിയമിക്കുകയും ചെയ്തു.

ലീവ് വേക്കൻസികളിൽ തളച്ചിടപ്പെട്ട ഈ രണ്ടധ്യാപകരേയും ഉടൻ റഗുലറൈസ് ചെയ്യ ന്നില്ലെങ്കിൽ അതിശക്തമായ സമരം മാനേജുമെൻറിനെതിരേ ഉണ്ടാകുമെന്ന് ധർണ ഉത്ഘാടനം ചെയ്ത എ കെ പി സി ടി എ ജനറൽ സെക്രട്ടറി പ്രൊഫ. വി. നാരായണൻ കുട്ടി പറഞ്ഞു. പ്രൊഫ. ജി. മാധവൻ നായർ

## Pay Scale of Principals

Higher Education (D) Department
No. 29055/D2/83/H. Edn. Trivandrum,
Dated 4-2-1985

From
The Commissioner & Secretary to Government

To
The Registrar,
University of Calicut,
Calicut.

Sir,

*Sub*:- Private Colleges-pay scales of principals-clarification-regarding.

*Ref*:-
1. Govt. letter No. 192/D2/79/H. Edn. dated 18-7-79 and dated 8-12-'83.
2. Govt. letter No. 44198/D2/81/H. Edn. dated 12-1-83.
3. Your letter No. GA/F4/1932/83 dated 7-3-84.
4. Your letter No. GA/F2/1600/84. dated 18-12-84.

With a view to regulating the pay of Private College Principals, Government had ordered that only Ist Grade Professors specifically promoted and posted as Principals of a Post Graduate College or a Degree College can be allowed the scale of pay of Rs. 1300-1900, IInd Grade Professors promoted and posted as Principals can be allowed only the scale of pay of Rs. 1125-1725 (i. e. the scale of Ist Grade Professor). It has been further ordered that IInd Grade Professors promoted and posted as Principals of Post-Graduate Colleges and getting the scale of Rs. 1125-1725, on becoming eligible for the post of Ist Grade Cadre Professor may be allowed the higher scale of Rs. 1300-1900 from the date they become eligible for Cadre Professor Grade I, even though they have not actually worked in that post.

In this connection, it is further clarified that it is not necessary that the Principal's subject should be taught at the post-graduate level for getting the higher scale of pay. The essential condition is that the Principal should have become a Ist Grade Cadre Professor in his subject

I am also to inform you that IInd Grade Professors who are promoted as Principal and getting salary in the scale of Rs 1125-1725 will not be eligible for the scale of pay of Principal i. e. 1300-1900, even if he becomes a Ist Grade (Non-Cadre) Professor.

Yours faithfully,
(Sd/-)
G. Vibhukumar, Under Secretary
For Commissioner & Secretary to Govt.

---

(സിൻഡിക്കേറ്റംഗം) പ്രൊഫ. കെ. കെ. അബ്ദുൾ മജീദ് (മേഖലാസെക്രട്ടറി) പ്രൊഫ. ഇ. ദാമോദരൻ (ജില്ലാ പ്രസിഡന്റ്) പ്രൊഫ. പി. പി ശ്രീധരൻ, പ്രൊഫ. എം. സലീം (സെനറ്റംഗങ്ങൾ) ശ്രീ. ടി. ലക്ഷ്മണൻ (ബ്രാഞ്ച് പ്രസിഡന്റ്) എം. അബ്ദുൾ റഹ്മാൻ സി. എസ്. മേമി, ടി എസ് സലീം. അബ്ദുൾ ലത്തീഫ് (കോഴിക്കോട് ജില്ലാ സെക്രട്ടറി) വാസുദേവൻ (ശ്രീകണ്ഠാപുരം ബ്രാഞ്ചുസെക്രട്ടറി,) രാജഗോപാലപിള്ള (മട്ടന്നൂർ കോളേജ്) എന്നിവരും ധർണയെ അഭിസംബോധന ചെയ്തു സംസാരിച്ചു.

പി സി. ടി എ. യ്ക്കു വേണ്ടി പ്രൊഫ. എ. ഡി. മുസ്തഫയും, കെ. പി സി എം. എസ്. എഫ് നു വേണ്ടി ശ്രീ. എം കെ. പി. ഉസ്സൻ കുട്ടിയും ധർണയ്ക്ക് അഭിവാദ്യമർപ്പിച്ചു. വിവിധവിദ്യാർഥി സംഘടനകളും ജാഥയായി വന്നെത്തി സമരത്തിനു പിന്തുണ പ്രഖ്യാപിച്ചു. ധർണ വിജയിപ്പിച്ച എല്ലാവർക്കും ജില്ലാസെക്രട്ടറി പ്രൊഫ. എ. എം. കൃഷ്ണൻ സ്വാഗതവും ബ്രാഞ്ച് സെക്രട്ടറി ശ്രീ. ഇ. കുഞ്ഞിരാമൻ നന്ദിയും പറഞ്ഞു.

# ചോദ്യോത്തരപംക്തി

Question 1

T. A. Sasidharan. S. N. College Nattika.

ശമ്പളനിരക്കുകൾ പുതുക്കുന്നതിനെ തുടർന്ന്, പുതുക്കിയ നിരക്കുകളിൽ ശമ്പളം നിർണ്ണയിക്കുന്നതിന്റെ ഭാഗമായി നൽകേണ്ട വെയിറ്റേജ് നിർണ്ണയിക്കുന്നതിന് പ്രൈവറ്റ് കോളേജധ്യാപകരുടെ Non-teaching Govt. സർവ്വീസ് പരിഗണിക്കുമോ?

ഉത്തരം:— 1973 ലേയും 1978–ലേയും ശമ്പള പരിഷ്കാരത്തിൽ സർവ്വീസ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ വെയിറ്റേജ് നൽകുന്നതിന് പ്രൈവറ്റ് കോളേജധ്യാപകരുടെ സർക്കാർ ഓഫീസ് /ഡിപ്പാർട്ടുമെന്റുകളിലെ Non-teaching സർവ്വീസ് കണക്കിലെടുത്തിരുന്നു. നടക്കേണ്ടിയിരിക്കുന്ന ശമ്പള പരിഷ്ക്കാരത്തിലും പ്രസ്തുത സർവ്വീസ് കണക്കിലെടുക്കുമോ ഇല്ലയോ എന്നത് fixation rules വന്നതിനുശേഷമേ അറിയാൻ കഴിയൂ. മുൻ ശമ്പള പരിഷ്കാരങ്ങളിൽ കണക്കിലെടുത്ത സർവ്വീസെല്ലാംതന്നെ നടക്കേണ്ടിയിരിക്കുന്ന ശമ്പള പരിഷ്കാരത്തിലും വെയിറ്റേജ് നിർണയത്തിനു പരിഗണിക്കപ്പെടാനാണ് സാധ്യത.

Question 2

Prof. K. Harindran, S.N. College, Cannanore

നിലവിലുള്ള പെൻഷൻ സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പ്രകാരം ലഭ്യമല്ലാത്ത എന്തെങ്കിലും Pentionary benefits സ്റ്റാറ്റ്യൂട്ടിലെ പ്രസക്തങ്ങളായ വ്യവസ്ഥകൾ ഭേദഗതി ചെയ്യാതെ എക്സിക്യൂട്ടീവ് ഉത്തരവുകൾ വഴി ലഭ്യമാക്കാൻ കഴിയുമോ?

ഉത്തരം:— നിയമപരമായി കഴിയില്ല. പെൻഷൻ സ്റ്റാറ്റ്യൂട്ട്സ് യൂണിവേഴ്സിറ്റി നിയമമാണ്. അവ എക്സിക്യൂട്ടീവ് ഉത്തരവുകൾ വഴി ഭേദഗതിചെയ്യാൻ സർക്കാരിന് കഴിയില്ല. യൂണിവേഴ്സിറ്റി സെനറ്റിന് മാത്രമേ അവ ഭേദഗതിചെയ്യാൻ കഴിയൂ. നിയമങ്ങൾ അനുശാസിക്കുന്ന വിധത്തിൽ സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്ത് സർക്കാരിന്റെ അനുമതിയോടെ (ചാൻസിലറുടെ assent നേടിയതിനു ശേഷം) ഭേദഗതിക്ക് പ്രാബല്ല്യം നൽകാം. Statute–കൾ ഭേദഗതി ചെയ്യാത്തിടത്തോളം ഒരു സർക്കാർ ഉത്തരവിനും നിയമപരമായ പ്രാബല്യം ഉണ്ടായിരിക്കുകയില്ല. ഈ കാരണത്താൽതന്നെ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും അടുത്തയിടെ ഇറങ്ങിയ പല ഉത്തരവുകൾക്കും നിയമസാധുതയില്ലെന്ന് കരുതേണ്ടിയിരിക്കുന്നു. (T. G.)

---

## UNIVERSITY OF KERALA

No. Acad. L./S/27/85

### Notification

### Amendment to the Kerala University First Statutes, 1977

The following amendment to the Kerala University First Statutes, 1977, was passed by the senate at its meeting held on 30th March, 1985.

Amendment No. 58

"That the following be added as the first proviso before the existing proviso in Clause (i) of Statute 9, Part I, Chapter 4 of the Kerala University First Statutes, 1977:

'Provided that where there are more than one grade to the same category and duties and responsibilities attached to the various grades are one and the same and appointment to the higher grades are made by promotion from the lower grades, then probation shall be insisted only in the lowest grade to such category'.'

The above amendment to the Kerala University First Statutes, 1977 was assented to by the Chancellor on 14-5-1985 and shall come into force with effect from that date.

Trivandrum, REGISTRAR

25-5-1985.

kerala private college teacher
monthly journal of the all kerala private college teachers' association
No. 57 R. No. M. 30625

# ആഗസ്ററ് 7 മുതൽ

## അനിശ്ചിതകാല പണിമുടക്ക്

- അടിസ്ഥാന ശമ്പളത്തിൽ ചുരുങ്ങിയത് 100 രൂപഎങ്കിലും വർദ്ധനവ് അനുവദിക്കുക.
- വെയിറേറജ് കണക്കാക്കുന്നതിന് ശമ്പളത്തിനു പുറമേ ക്ഷാമബത്തകൂടി കണക്കാക്കുക
- വീട്ടുവാടകനിരക്ക് ചുരുങ്ങിയത് ഗ്രാമങ്ങളിൽ 50രൂപയും മുനിസിപ്പാലിററികളിൽ 75 രൂപയും കോർപ്പറേഷനുകളിൽ 100 രൂപയുമായി ഉയർത്തുക.
- പ്രതിമാസ മെഡിക്കൽ അലവൻസ്, സിററി കോമ്പൻസേററി അലവൻസ്, വിദ്യാഭ്യാസ അലവൻസ്, ലീവ്ട്രാവൽ കൺസഷൻ എന്നിവ അനുവദിക്കുക
- ഇരുപത്തിമൂന്നുവർഷം സർവ്വീസ് തികയുമ്പോൾ എല്ലാവർക്കും മൂന്ന് പ്രൊമോഷൻ ഗ്രേഡ് ഉറപ്പുവരുത്തുക
- മാക്സിമം പെൻഷനുള്ള സർവ്വീസ്ദൈർഘ്യം കുറയ്ക്കുക

ഈ മിനിമം ആനുകൂല്യങ്ങളെങ്കിലും ഉറപ്പുവരുത്തി

## *ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക*

ഐക്യ സമരസമിതി സിന്ദാബാദ്

എ കെ പി സി ടി എ സിന്ദാബാദ്

printed and published by v. narayanankutty at CHEMPAKA Printers, trivandrum-4 phone:82127
chief editor; v. n. murali.